**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 122** **05.03.2012-ൽ മറുപടിക്ക്.**

## സംസ്ഥാനത്തെ പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | : (എ) സംസ്ഥാന പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് അത്യാധുനിക ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും, കുറ്റാന്വേഷണവും, ക്രമസമാധാനവും ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ഇവയെ 2 വിഭാഗങ്ങളാക്കി മാറ്റുന്നതിനും, ശാസ്ത്രീയ കുറ്റാന്വേഷണത്തിനായി വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സന്നദ്ധ സംഘടനകൾ, കുടുംബശ്രീ യൂണിറ്റുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെ ജനമൈത്രി പോലീസ് സംവിധാനവും, വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്റ്റുഡന്റ്സ് പോലീസ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. പോലീസിനെ കൂടുതൽ ജനകീയമാക്കുന്നതിനായി, ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട പോലീസുദ്യോഗസ്ഥരെ നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ സപ്തധാരാ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കിവരുന്നു. |

(മറുപുറം)

(ബി) സംസ്ഥാനത്ത് പോലീസ് പരാതി അതോറിറ്റി ശക്തിപ്പെടുത്തുന്ന കാര്യത്തിൽ ഉള്ള നയം വ്യക്തമാക്കുമോ ;

(സി) പോലീസ് പരാതി അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ മാതൃകാ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

: (ബി) & (സി)

ജസ്റ്റീസ് ശ്രീ.കെ.പി.ബാലചന്ദ്രൻ (റിട്ട.ഹൈക്കോടതി ജഡ്ജ്) ചെയർപേഴ്സണായി സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. മാതൃകാ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ